(ഇ) 1984-85 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽനിന്നുമായി ആകെ എത്രപേർക്കു തൊഴിൽ അവസരം നൽകുന്നതിനായി കാർഡ് അയച്ചിട്ടുണ്ട് ;

(എഫ്) എത്രപേർക്കു താൽക്കാലികമായും എത്രപേർക്കു സ്ഥിരമായും തൊഴിൽ ലഭിച്ചു ;

(ജി) 1984-85-ൽ കാർഡ് അയച്ചവരിൽ സ്ത്രീകൾ എത്ര ;

(എച്ച്) തൊഴിൽ ലഭിച്ചവരിൽ സ്ത്രീകൾ എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2,546,220 പേർ.

(സി) 1985 ഡിസംബർ 31 വരെയുള്ള കണക്കു താഴെ പറയും പ്രകാരമാണ്. പോസ്റ്റ്ഗ്രാഡ്വേറ്റുകൾ 10,062 പേർ. ഗ്രാഡ്വേറ്റുകൾ 90,329 പേർ. അണ്ടർ ഗ്രാഡ്വേറ്റുകൾ 1,264,959 പേർ.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 166,625 പേർക്ക്.

(എഫ്) 11,306 പേർക്കു താൽക്കാലികമായും 739 പേർക്കു സ്ഥിരമായും തൊഴിൽ ലഭിച്ചു. കൂടാതെ 1434 പേർക്കു പാർട്ട്ടൈം ജോലിയും ലഭിച്ചിട്ടുണ്ട് (ഇതു സ്ഥിരമാണ്).

(ജി) 62,808 പേർ.

(എച്ച്) 6128 പേർ.

## തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് സ്വീകരിച്ച നടപടി

238. [409] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് തോട്ടമുടമകൾ തയ്യാറാകുന്നില്ലെന്നുള്ള വിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നത് തോട്ടം ഉടമകളുടെ ബാദ്ധ്യതയാക്കിക്കൊണ്ട് കേരളാ പ്ലാൻറേഷൻ ലേബർ റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ വീടുകൾ വൈദ്യുതീകരിക്കുന്നതിന് തോട്ടം ഉടമകളെ നിർബന്ധിച്ചുവരുന്നു. 12 തോട്ടം ഉടമകൾക്കെതിരായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വയറിംഗ് നടത്തിയിട്ടുള്ള എല്ലാ വീടുകൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പെട്ടെന്ന് കണക്ഷൻ നൽകാൻ സാധിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ പരിതസ്ഥിതിയിൽ കൂടുതൽ വീടുകൾ വയറിംഗ് നടത്തുന്നതിന് തോട്ടം ഉടമകൾ വൈമുഖ്യം കാണിക്കുന്നുണ്ട്.

(സി) തോട്ടം ഉടമകൾക്കെതിരായി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 17-2-1986-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിലും 7-3-1986-ൽ കൂടിയ കേരളാ പ്ലാന്റേഷൻ ലേബർ ഹൗസിംഗ് ഉപദേശകസമിതി യോഗത്തിലും വൈദ്യുതീകരണം പ്രത്യേകമായി ചർച്ച ചെയ്തു തീരുമാനമെടുക്കുകയുണ്ടായി. അതിൻപ്രകാരം വെതർ പ്രൂഫ് വയർ മാത്രമാവശ്യമുള്ള വീടുകൾ ഒരു കൊല്ലത്തിനുള്ളിലും ഏറ്റവും അടുത്ത സബ്സ്റ്റേഷനിൽ നിന്ന് 150 മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന വീടുകൾ രണ്ടു കൊല്ലത്തിനുള്ളിലും മറ്റുള്ളവ തുടർന്ന് മുൻഗണനാക്രമത്തിലും വൈദ്യുതീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ വസതികളുടെ വൈദ്യുതീകരണം

239 [410] ശ്രീ. എം. ജിനദേവൻ :
,, ജി. വരദൻ :
,, കെ. മൂസ്സക്കുട്ടി :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ വസതികൾ വൈദ്യുതീകരിക്കേണ്ട നിയമമനുസരിച്ച് എത്ര വസതികൾ ഇതിനകം വൈദ്യുതീകരിച്ചു ;

(ബി) ഇനി വൈദ്യുതീകരിക്കേണ്ടവ എത്ര ;

(സി) വൈദ്യുതീകരണം നടത്താത്തതിനെതുടർന്നു എത്ര തോട്ടം ഉടമകളുടെമേൽ ഇതിനകം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു ?

### ഉത്തരം

(എ, ബി) 12,177 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ 4,780 വീടുകൾ വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. 45,635 വീടുകൾ ഇനിയും വൈദ്യുതീകരിക്കുവാനുണ്ട്.

(സി) വൈദ്യുതീകരിക്കാത്തതിന് 12 തോട്ടം ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പാക്കാത്ത തോട്ടമുടമകൾക്കെതിരെ നടപടി

240 [411] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പാക്കുന്നതിന് തോട്ടമുടമകൾ തയ്യാറാകുന്നില്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പാക്കാത്ത തോട്ടമുടമകളുടെമേൽ ഇതുവരെ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly